# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3563** **22/08/2017-ൽ മറുപടിക്ക്**

### വ്യാജ സൗന്ദര്യ വർധക വസ്തുക്കളുടെ വിൽപന

**ചോദ്യം**

**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**

എ) വ്യാജ സൗന്ദര്യ വർധക വസ്തുക്കളുടെ വിൽപന വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഇതിനെതിരെ ഡ്രഗ് കൺട്രോൾ വിഭാഗം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

സി) വ്യാജ സൗന്ദര്യവർധക മരുന്നുകൾ പിടിച്ചെടുത്തിട്ടുണ്ടോ;

ഡി) എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നിന്ന് ഏത് തരത്തിലുള്ള മരുന്നുകളാണ് പിടിച്ചെടുത്തതെന്ന് വ്യക്തമാക്കാമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) ഉണ്ട്.

**യും ബി) യും** സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഇറക്കുമതിയ്ക്കും മാത്രമേ, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിലവിൽ നിയന്ത്രണമുള്ളൂ. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 90%-വും അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയോ, വിദേശരാജ്യങ്ങളിൽ നിന്ന് ഓപ്പൺ ജനറൽ ലൈസൻസ് (ഒ.ജി.എൽ.) വഴി ഇറക്കുമതി ചെയ്യുന്നവയോ ആണ്. ഇവയുടെ വിൽപന നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നും തന്നെ പ്രാബല്യത്തിലില്ല. എന്നിരുന്നാലും ലേബൽ വ്യവസ്ഥകൾ പാലിക്കപ്പെടാത്തവയും, വ്യാജമായതുമായ സൗന്ദര്യ വർദ്ധക വസ്തുക്കൾ കണ്ടെത്തുത്ത് നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പതിവ് പരിശോധനാവേളകളിൽ, സൗന്ദര്യ വർദ്ധക വസ്തുക്കളിൽ മുഖ്യമായും ഷാംപൂ, സോപ്പ്, ക്രീം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്.

സി) ഉണ്ട്.

**യും ഡി) യും** സംസ്ഥാനത്ത് വ്യാജസൗന്ദര്യ വർധക വസ്തുക്കൾ വൻതോതിൽ വിപണനം ചെയ്യപ്പെടുന്നതായുള്ള പരാതിയിൽ 2016 ഡിസംബറിൽ സംസ്ഥാനമൊട്ടാകെയും, 2017 ജൂലൈ 18-ന് തിരുവനന്തപുരം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലും കോസ്മെറ്റിക്സ് വ്യാപാരസ്ഥാപനങ്ങൾ റെയ്ഡ് ചെയ്യുകയും, പ്രമുഖ കമ്പനികളുടെ ബ്രാൻഡുകളെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ വ്യാജമായി നിർമ്മിച്ച് വിപണനം ചെയ്യുന്ന സോപ്പുകൾ, കാജൽ, ഫേസ്

പൗഡർ, ഹെയർ ഷാംപൂ എന്നിവയും, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലേബൽ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്യപ്പെടുന്ന ആഫ്റ്റർ ഷേവ് ലോഷൻ, ഫേസ് ക്രീം, ബോഡി മസ്സാജ് ക്രീം, ഹെയർ കളർ, ഹെയർ സിറം, വൈറ്റമിനുകൾ അടങ്ങിയ ക്യാപ്സ്യൂളുകൾ എന്നിവയും പിടിച്ചെടുക്കുകയുണ്ടായി. ഇതു കൂടാതെ ടൂറിസം മേഖലയെ ചൂഷണം ചെയ്യുന്ന രീതിയിൽ ഇടുക്കി ജില്ലയിൽ കുമളിയിലെ വ്യാപാര സ്ഥാപനങ്ങളിൽ ലൈസൻസ് ഇല്ലാതെ നിർമ്മിച്ച് വിപണനം ചെയ്ത ഷാംപൂ, ലോഷൻ, ഹെയർ ജെൽ എന്നീ സൗന്ദര്യ വർദ്ധക വസ്തുക്കൾ 2017 ജൂലൈ മാസം 25, 26 തീയതികളിൽ റെയ്ഡ് നടത്തി കണ്ടെടുത്തിട്ടുണ്ട്.

**ഇ)** വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിൽപന നടത്തിയതിന് എത്ര കേസ്സുകൾ ആർക്കൊക്കെ എതിരെ എടുത്തിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിന്മേൽ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

**ഇ)** വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിൽപ്പന നടത്തിയത് സംബന്ധിച്ച് 24 കേസുകൾ നിലവിലുണ്ട്. ഇവയെല്ലാം തന്നെ അതാത് ജില്ലകളിലെ മജിസ്ട്രേറ്റ് കോടതികളിൽ ഫയൽ ചെയ്യുകയും, കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി അന്വേഷണഘട്ട-ങ്ങളിലുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. J J Stores, TB Junction, Kattappana, Idukki
2. City Collections, Mavoor Road, Kozhikode
3. City Collections, Shanmugham Road, Ernakulam
4. City Collections, Rama Plaza, S S Coil Road, Thiruvananthapuram
5. Women's Studio, Colombo Junction, Ernakulam
6. Pavan Beauty Centre, High Road, Thrissur
7. Beauty Centre, High Road, Thrissur
8. City Collections, KK Road, Kottayam
9. Hanco Beauty Land, Kottarakkara, Kollam
10. New Glamour World, Kannur
11. One Fancy, Tirur, Malappuram
12. A to Z Collections, Tirur, Malappuram
13. Vabind Group, Kondotty, Manjery, Malappuram
14. Ramdev Fancy, Tirur, Malappuram
15. Cheeran Agencies, Mather Bazar, Broad Way, Ernakulam
16. Midas Beauty Mart, Ernakulam
17. Tip Top Fancy Centre, Erinjery Angady, Thrissur
18. Midas Beauty Concepts; Parco Bazar, GH Road, Kozhikode
19. Cosmic World, Parco Bazar, Railway Station Link Road, Kozhikode
20. Raos Cosmetics, Thiruvananthapuram
21. Sri.Ganesh Beauty World, Thiruvananthapuram
22. Responsible Tourism Spice Shop, Idukki
23. Thekkady Spices, Idukki
24. Green Valley, Idukki

സെക്ഷൻ ഓഫീസർ